## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4883 23.03.2018-ൽ മറുപടിയ്ക്ക്

## പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർവഹണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ; | (എ) | വകുപ്പിന് കീഴിൽ മുതുകുളം ബ്ലോക്ക് പരിധിയിൽ പി.ഇ.ടി.സി. സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തിയിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ടി സ്ഥലം വകുപ്പിന് കൈമാറി കിട്ടിയിരുന്നില്ല. സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2017-18 ലെ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായുള്ള സംയുക്ത പ്രോജക്ടായി SCP ഫണ്ടിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | ഹരിപ്പാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഇതിനായി തുക വകയിരുത്തിയിട്ടുള്ളത്; ആയത് വിശദമാക്കുമോ ; | (സി) | ഹരിപ്പാട് മുതുകുളം ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളും, ആലപ്പുഴ ജില്ലാ പഞ്ചായത്തും സംയുക്തമായാണ് സ്ഥലം വാങ്ങുന്നതിനുള്ള തുക കണ്ടെത്തിയിട്ടുള്ളത്. |
| (ഡി) | സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നിർദ്ദിഷ്ട സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി ജില്ലാപഞ്ചായത്ത് സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ